# കേരളാ പോലീസ്

# പ്രശംസനീയ കർത്തവ്യ നിർവ്വഹണം

( 25-07-2009 മുതൽ 31-07-2009 വരെ)

## ഒരു കോടി രൂപയുടെ സ്വർണ്ണം കവർന്ന തിരുട്ടു ഗ്രാമക്കാർ അറസ്റ്റിൽ

കേരളം, തമിഴ്നാട് എന്നിവിടങ്ങളിലെ വീടുകൾ കേന്ദ്രീകരിച്ച് ഒരു കോടി രൂപയുടെ സ്വർണ്ണാഭരണങ്ങളും അഞ്ച് ലക്ഷത്തോളം രൂപയും കവർന്ന തിരുനെൽ വേലി തിരുട്ടുഗ്രാമത്തിലെ മുന്ന് പേരായ തങ്കമുത്തു, ശെൽവരാജ്, പരമശിവം എന്നിവരെ സംശയാസ്പദമായ സാഹചര്യത്തിൽ 29.7.2009 പുലർച്ചെ ഒരുമണിയോടുകൂടി അങ്കമാലി കിഴക്കേപ്പള്ളി കാനറാ ബാങ്കിന്റെ സമീപത്ത് നിന്നും അങ്കമാലി പോലീസ് അറസ്റ്റ് ചെയ്തു.

(Cr. 1604/09, EKM RL, Angamali PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Bijoy Alexander CI, Sri.Joy Mathew SI, PCs 7913, 7953, 8263, 8270

## അമ്പതോളം ബൈക്കുകൾ മോഷ്ടിച്ച നാലുപേർ അറസ്റ്റിൽ

കൊല്ലം നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും അമ്പതോളം ഹീറോഹോണ്ട മോട്ടോർ സൈക്കിളുകൾ മോഷ്ടിച്ച സംഘത്തിലെ 4 പേരായ നാസർ, നൗഷർ, ധനേഷ്, മുനീർ എന്നിവരെ 26.7.2009 ഇരവിപുരം പോലീസ് പട്രോൾ ഡ്യൂട്ടിക്ക് ഇടയിൽ അറസ്റ്റ് ചെയ്തു. ഇവരെ വിശദമായി ചോദ്യം ചെയ്തതിലാണ് മോഷണവിവരങ്ങൾ അറിയാൻ കഴിഞ്ഞത്. കൂടാതെ ഇവരുടെ പക്കൽനിന്നും 35 ഓളം മോട്ടോർ ബൈക്കുകൾ കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്.

(Cr. Nos. 347/09, 348/09 KLM, Eravipuram PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Ramachandran DySP, Sri. Vijayan CI, Sri. Firoz SI, Sri Sujith SI, Sri. Ibrahimkutty ASI, HCs 3681, PCs 5713, 5802

## ഒരു കോടി രൂപയുടെ ബ്രൗൺ ഷുഗറുമായി അഞ്ചുപേർ അറസ്റ്റിൽ

പെരിന്തൽമണ്ണ പോലീസിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ 28.7.2009 ന് രാവിലെ 11.30 മണിയോടുകൂടി താഴേപ്പൂപാലം ഭാഗത്തുവച്ച് സംശയാസ്പദമായ രീതിയിൽ കണ്ട ലോറിയെ തടഞ്ഞുനിർത്തി വിശദമായി പരിശോധിച്ചതിൽ ലോറിയിൽനിന്നും ഒരുകോടിരൂപ വിലമതിക്കുന്ന 950 ഗ്രാം ബ്രൗൺ ഷുഗർ കണ്ടെടുക്കുകയും ലോറിയിലുണ്ടായിരുന്ന അബ്ദുള്ള, അബ്ദുൾ അസീസ്, കുഞ്ഞലവി, ഷിബു, ഫിറോസ് എന്നിവരെ അറസ്റ്റ് ചെയ്യുകയും ചെയ്തു.

(Cr. 479/09 MPM, Perinthalmanna PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Saju Abraham CI, Shri. K.M Biju SI., Shri. Narendran ASI, HC 2852

## കുപ്രസിദ്ധ മോഷ്ടാക്കൾ അറസ്റ്റിൽ

29.7.2009 തീയതി രാത്രി കോട്ടയം ഈസ്റ്റ് പോലീസ് പട്രോൾ ഡ്യൂട്ടി നോക്കിവരവെ സംശയാസ്പദമായ സാഹചര്യത്തിൽ നാഗമ്പടം പ്രൈവറ്റ് ബസ്സ് സ്റ്റാന്റ് പരിസരത്ത് കാണപ്പെട്ട തോമസ്സ്, മാർട്ടിൻ, സജീവ്, കനകരാജ് എന്നിവരെ കസ്റ്റഡിയിലെടുത്ത് വിശദമായി ചോദ്യം ചെയ്തതിൽ ഇവർ നിരവധി മോഷണ കേസ്സുകളിലെ പ്രതികളാണെന്ന് അറിയാൻ കഴിഞ്ഞു.

(Cr. 485/09, KTM, Kottayam East PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. U Sreejith SI, Sri Abdul Karim Addl.SI, HC 4981, PCs 6376, 6390, 4913, 5929, 5732, 5849, 6618.

## അനാശാസ്യ കേന്ദ്രത്തിൽനിന്നും ഏഴുപേരെ പിടികൂടി

വർക്കല പോലീസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ 27.07.09 ന് വൈകിട്ട് 3.30 മണിയോടുകൂടി വർക്കല അക്ഷയ ബീച്ച് റിസോർട്ട് റെയ്ഡ് ചെയ്ത് അവിടെ അനാശാസ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന 3 സ്ത്രീകളെയും 4 പുരുഷന്മാരെയും അറസ്റ്റ് ചെയ്തു.

(Cr. 597/09, TVPM RL, Varkala PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Sulfikkar CI, Sri. C Binukumar SI, GHC 8271, PC 3595, WPCs 2506, 3244

## ട്രെയിനുകളിൽ മോഷണം നടത്തിവന്ന ഒരാൾ അറസ്റ്റിൽ

ട്രെയിനുകളിൽ കയറി പതിവായി മോഷണം നടത്തിവന്ന നെയ്യാറ്റിൻകര ഉച്ചക്കട കുളത്തൂർ മുടിപ്പുര ക്ഷേത്രത്തിന് സമീപം താമസ്സിക്കുന്ന മനുവിനെ 30.7.09 ന് ഉച്ചയ്ക്ക് 2.30 മണിയോടുകൂടി തിരുവനന്തപുരം റെയിൽവേ സ്റ്റേഷന്റെ രണ്ടാം പ്ലാറ്റ്ഫോമിൽനിന്നും റെയിൽവേ പോലീസ് അറസ്റ്റ് ചെയ്തു.

(Cr. 35/09, TVPM RPS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. C.P Subash SI, HC 7754, PCs 8350, 1399

## ജ്വല്ലറി കവർച്ചയ്ക്കെത്തിയ അധോലോക സംഘം ആയുധങ്ങളുമായി പിടിയിൽ

ജ്വല്ലറി കവർച്ചയ്ക്കായി കൊച്ചിയിലെത്തിയ ബാംഗ്ലൂർ നഗരത്തിലെ അധോലോക സംഘത്തിലെ ഏഴുപേരായ അലി, ധനേഷ്, അരുൺ ഗോപൻ, ശരത്കുമാർ, മുഹമ്മദ്, ശ്രീജിത്, ബിനു എന്നിവരെ ആയുധങ്ങളുമായി 28.7.2009 ന് പുലർച്ചെ 1.30 മണിയോടുകൂടി കളമശ്ശേരി പ്രീമിയർ ജംഗ്ഷനിൽനിന്നും പട്രോൾ ഡ്യൂട്ടിയിലുണ്ടായിരുന്ന കളമശ്ശേരി പോലീസ് സർക്കിൾ ഇൻസ്പെക്ടറും സംഘവും ചേർന്ന് പിടികൂടി.

(Cr. 1134/09, EKM C, Kalamassery PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. N.K Jayaraj CI, Sri. C.J Martin SI, Sri. Jayan K.S SI, Sri. Thoms ASI, HC 8285, PCs 7429, 7637, 7651